(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അപ്രഖ്യാപിത പവർകട്ടും ലോഡ് ഷെഡ്ഡിംഗും മൂലമുള്ള ബുദ്ധിമുട്ടുകൾ

1 [3137] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്രഖ്യാപിത പവർകട്ടും ലോഡ് ഷെഡ്ഡിംഗും മൂലം വൈദ്യുത ഉപഭോക്താക്കൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി വിതരണത്തിൽ സംസ്ഥാനത്ത് പൊതുവെ അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനും കാളിററി പവർ ഉറപ്പു വരുത്തുന്നതിനും സർക്കാർ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) യാതൊരു കാരണവും കൂടാതെ ദീർഘ നേരം വൈദ്യുതി ലൈൻ ഓഫാക്കി യിടുന്നതായിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അപ്രഖ്യാപിത പവർകട്ടിന്റെ ഭാഗമായിട്ടുള്ളതാണോ?

ഉത്തരം

(എ) സംസ്ഥാനത്ത് അപ്രഖ്യാപിത പവർകട്ടും അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും ഇല്ല.

(ബി) വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനും പുതിയ സബ്സ്റ്റേഷനുകൾ, കൂടുതൽ 11 കെ. വി. ലൈനുകൾ, ട്രാൻസ്ഫോർമറുകൾ, എൽ. ടി. ലൈനുകൾ എന്നിവ സ്ഥാപിച്ച് വരുന്നു. വൈദ്യുതി തടസ്സങ്ങൾ പ്രത്യേകം നിരീക്ഷണ വിധേയമാക്കി വരുന്നു.

(സി) കാരണം കൂടാതെ വൈദ്യുതി ലൈനുകൾ ഓഫാക്കിയിടുന്നില്ല.

ഗാർഹിക വൈദ്യുതി കണക്ഷനുകൾ

2 [3139] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-6-2003 വരെ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകി;

(ബി) ഇപ്പോൾ എത്ര അപേക്ഷകൾക്ക് ഇനിയും വൈദ്യുതി കണക്ഷൻ കിട്ടാനുണ്ട്?

ഉത്തരം

(എ) 5,93,213 കണക്ഷനുകൾ നൽകി.

(ബി) 3,08,679 അപേക്ഷകൾക്ക് വൈദ്യുതി കണക്ഷൻ കിട്ടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly